വനം കൂടികൾ.

* 282. [46] ശ്രീ. എ. സ്. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) മലംകൂടികളുടെ കൈവശത്തിലും കൃഷിയിലും എത്ര ഏക്കർ ഭൂമി ഉണ്ട്;

(ബി) സ്ഥിര ദേഹണ്ഡങ്ങൾ നടത്തുവാനും കെട്ടിടങ്ങൾ വെയ്ക്കുവാനും വനംകൂടികൾക്ക് അനുവാദം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വനത്തിൽനിന്നും ആണ്ടുതോറും കൃഷിസ്ഥലങ്ങൾ തെളിക്കുമ്പോൾ വൻമരങ്ങൾ നശിച്ചുവരുന്നില്ലേ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 24,385.12 ഏക്കർ.

(ബി) ഉണ്ട്.

(സി) നാശം വരാറുണ്ട്.

പുനരധിവാസ പദ്ധതി.

* 283. [48] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) നമ്മുടെ സ്റ്റേറ്റിൽനിന്ന് മറ്റ സംസ്ഥാനങ്ങളിലേയ്ക് ഗവണ്മെൻറ ചെലവിൽ എത്ര കുടുംബങ്ങളെ മാറിത്താമസിപ്പിച്ചിട്ടുണ്ട്.

(ബി) ഇൻഡ്യാഗവണ്മെൻറിന്റെ പുനരധിവാസപദ്ധതി അനുസരിച്ച് നമ്മുടെ സ്റ്റേറ്റിനുള്ള കോട്ട എത്ര;

(സി) ഇതു സംബന്ധിച്ച് സ്റ്റേറ്റ് ഗവണ്മെൻറ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 192 കുടുംബങ്ങളെ.

(ബി) അങ്ങിനെ കോട്ടാ കണക്ക് നിശ്ചയിച്ചിട്ടില്ല.

(സി) ഈ കുടുംബങ്ങളെ അയയ്ക്കുന്നതു സംബന്ധിച്ച് ആവശ്യമായി വന്നിട്ടുള്ള എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 284. [49] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ അവസാനരൂപം നൽകുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും ചർച്ചകളും അഭ്യർത്ഥിച്ചുകൊണ്ടുള്ള എന്തെങ്കിലും നിർദ്ദേശം കാൺഗ്രസ്സ് അല്ലാത്ത മറ്റ രാഷ്ട്രീയപാർട്ടികൾക്ക് ഗവണ്മെൻറ് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly